File No.A2/13/2020-TC

# സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, തിരുവനന്തപുരത്തിന്റെ നടപടിക്രമം

## (സാന്നിദ്ധ്യം: ഗോപിനാഥ്.ആർ)

വിഷയം മോട്ടോർവാഹന വകുപ്പ്- ജീവനക്കാര്യം –അന്തിമ സീനിയോറിറ്റി ലിസ്റ്റിനെതിരെ ആക്ഷേപം സമർപ്പിച്ചത് – ഭേദഗതി വരുത്തി – ഉത്തരവാകുന്നു.

സൂചന 1.28.09.2020–തീയതിയിലെ എ 2/31647/2017/റ്റിസി നമ്പർ ഉത്തരവ്
2.30.09.2020 തീയതിയിലെ ആർ .ടി.ഓ കാസർഗോഡിന്റെ എ 1/(എ)3521/കെ.എസ്.ഡി നമ്പർ കത്ത്
3. ശ്രീമതി,.ലിജ.എ, ഒ.എ ,ആർ.ടി.ഓഫീസ്, ആലപ്പുഴ സർപ്പിച്ച ആക്ഷേപം
4. ശ്രീമതി.ഷീബ.എ.കെ, അറ്റൻഡർ ഗ്രേഡ്–11, ശ്രീ.ഷാജിമോൻ.റ്റി, അറ്റൻഡർ ഗ്രേഡ്–11, ശ്രീ.രാജേഷ്.കെ.വി, ഒ.എ എന്നിവർ സമർപ്പിച്ച ആക്ഷേപം

## ഉത്തരവ് നം.എ 2/31647/2017/റ്റിസി 05/10/2020

സൂചന 1 പ്രകാരം ഒ.എ/അറ്റൻഡർ/ഡ്രൈവർമാരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചതിൽ, കാസർഗോഡ് ആർ.ടി.ഓഫീസിലെ അറ്റൻഡറായ ശ്രീ.ജയൻ.കെ.എൻ, എറണാകുളം ജില്ലയിലെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല എന്ന് സൂചന 2 പ്രകാരവും, ആലപ്പുഴ ജില്ലയിലെ ശ്രീമതി.ലിജ.എ (ക്രമ നം.13) യുടെ സ്ഥാനം കുമാരി സലീല (ക്രമനം. 12)യുടെ മുകളിൽ വരുമെന്ന് സൂചന 3 പ്രകാരവും, സ്ഥാനകയറ്റത്തിന് സമ്മതമാണെന്ന് സൂചന 4 പ്രകാരവും ആക്ഷേപം സമർപ്പിക്കുകയുണ്ടായി. ലഭ്യമായ ആക്ഷേപങ്ങൾ വസ്തുനിഷ്ഠമായി പരിശോധിച്ചതിൽ, ശ്രീ.ജയൻ.കെ.എൻ–ന്റെ ഡി.ആർ.ബി.എറണാകുളം ജില്ലയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ.ജയന്റെ അപേക്ഷ പരിഗണിച്ച് ഒ.എ/അറ്റൻഡർ/ഡ്രൈവർ മാരുടെ അന്തിമലിസ്റ്റിൽ എറണാകുളം ജില്ലയിൽ ടിയാനെ ഉൾപ്പെടുത്തുകയും , ശ്രീ.മനോജ്.പി.കെ (ക്രമനം.2) നും ശ്രീ.ബിജൊ സെബാസ്റ്റ്യൻ (ക്രമനം.3) നും ഇടയിലായി ക്രമ നമ്പർ 2(a)നമ്പരായി ശ്രീ.ജയന്റെ സ്ഥാനം ക്രമീകരിക്കുന്നു.

ആലപ്പുഴ ജില്ലാ ഓഫീസറുടെ Advice No.ARI(2)928/2010-3 തീയതി 27.12.2014 അനുസരിച്ച് ആലപ്പുഴ ജില്ലാ സീനിയോറിറ്റിൽ ലിസ്റ്റിൽ ശ്രീമതി.ലിജ.എ(ക്രമനം13)യുടെ സ്ഥാനം ക്രമ നം.12 ആയും, കുമാരി സലീലയുടെ സ്ഥാനം ക്രമ നമ്പർ 13 ആയി ഭേദഗതി വരുത്തികൊണ്ടും, സൂചന 4 പ്രകാരം സ്ഥാനകയറ്റത്തിന് സമ്മതമാണെന്ന് സമർപ്പിച്ച അപേക്ഷ പരിഗണിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. സൂചന ഒന്നിലെ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കും

Signature valid
Digitally signed by Gopinath R
Date: 2020.10.05 [illegible]:55:23 IST
Reason: Approved

GOPINATH R
SENIOR ADMINISTRATIVE OFFICER

പകർപ്പ്

File No.A2/13/2020-TC

1. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (ഓഫീസ് മേധാവി മുഖാന്തിരം)
2. എല്ലാ ഡി.റ്റി.സി/ആർ.ടി.ഒ/ജോയിന്റ് ആർ.ടി.ഒ മാർക്കും
3. ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ
4. എസ്.എസ്.ജി (വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)